# പെരുവയലിൽ പുതിയ കാർഷിക വിപണനകേന്ദ്രം

**മനോരമ ലേഖകൻ**

പെരുവയൽ ● കർഷകരുടെ ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ ആവശ്യക്കാരിലെത്തിക്കാൻ പെരുവയൽ പഞ്ചായത്തിൽ കാർഷിക വിപണനകേന്ദ്രമൊരുങ്ങുന്നു.

ജില്ലാ പഞ്ചായത്തും പെരുവയൽ പഞ്ചായത്തും ചേർന്നാണ് കാർഷിക വിപണനകേന്ദ്രം സ്ഥാപിക്കുന്നത്. ഇതിന് ജില്ലാപഞ്ചായത്ത് 10 ലക്ഷവും പെരുവയൽ പഞ്ചായത്ത് രണ്ട് ലക്ഷവും അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കർഷകർക്കുള്ള സഹായകേന്ദ്രമായും ഇത് പ്രവർത്തിക്കും.

കാർഷിക ഗ്രാമമായ ചെറുകുളത്തൂരിലേയും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കർഷകരുടെയും ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ ഉൽപാദകരിൽ നിന്ന് നേരിട്ട് ആവശ്യക്കാർക്ക് വാങ്ങാനുള്ള സൗകര്യവും ഇവിടെ ഒരുക്കും.

അതിനൊപ്പം കാലാകാലങ്ങളിൽ ഇറക്കാവുന്ന കാർഷിക വിളകളെക്കുറിച്ചും, അവയുടെ വളപ്രയോഗങ്ങളെയും കീടനിയന്ത്രണങ്ങളെയും കുറിച്ചുള്ള വിവരങ്ങളും കർഷകർക്ക് ലഭ്യമാക്കും.

തിരിഞ്ഞു നോക്കാനാളില്ലാതെ മഴയും വെയിലുമേറ്റ് നശിക്കുന്ന മുണ്ടക്കൽ പ്രധാന റോഡരികിലെ പഴയ കൃഷിഭവൻ കെട്ടിടം പൊളിച്ചു നീക്കിയശേഷം അവിടെയാണ് കാർഷിക വിപണനകേന്ദ്രം സ്ഥാപിക്കുന്നത്. മൂന്ന് പതിറ്റാണ്ട് മുൻപാണ് മുണ്ടക്കലിൽ കൃഷിഭവന് വേണ്ടി ജനകീയ പങ്കാളിത്തത്തോടെ കെട്ടി

